## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2467** **14/06/2019-ൽ മറുപടിയ്ക്ക്**

## സംസ്ഥാന കാർഷികവികസന ബാങ്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.സി. ജോർജ് | | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാന കാർഷികവികസന ബാങ്കിന്റെ എറണാകുളം ജില്ലയിലുള്ള ട്രെയിനിംഗ് സെന്ററിന്റെ നവീകരണത്തിനായി ചെലവാക്കിയ തുക എത്ര; ഇനം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ; | (എ) | കേരള സംസ്ഥാന സഹകരണ കാർഷിക വികസന ബാങ്കിന്റെ എറണാകുളം ജില്ലയിലുള്ള ട്രെയിനിംഗ് സെന്ററിന്റെ നവീകരണത്തിനായി ആകെ 3,26,49,901/- രൂപ ബാങ്ക് ചെലവഴിച്ചിട്ടുണ്ട്.<br>ഇനം തിരിച്ചുള്ള കണക്ക്:-<br>1. സിവിൽ, ഇലക്ട്രിക്കൽ, പ്ലംബിങ്ങ് മുതലായ പണികൾക്ക് കോൺട്രാക്ടർക്ക് നാളിതുവരെ 2,95,00,000/- രൂപ കൊടുത്തിട്ടുണ്ട്.<br>2. ലിഫ്റ്റിന്റെ പണികൾക്കായി ഒ.റ്റി. ഐ.എസ് കമ്പനിക്ക് 17,50,732/- രൂപ നൽകിയിട്ടുണ്ട്.<br>3. കെട്ടിട പണികളുടെ കൺസൾട്ടന്റിന് 13,99,169/- രൂപ നൽകിയിട്ടുണ്ട്. |
| (ബി) | സംസ്ഥാന കാർഷികവികസന ബാങ്ക് പത്തനംതിട്ടയിൽ വാങ്ങിയ സ്ഥലത്തിന് ഫെയർവാല്യൂവിലും കൂടിയ ഫീസിനത്തിൽ സ്ഥലം രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ രജിസ്ട്രേഷൻ നടത്തിയ ആധാരത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | പത്തനംതിട്ട ജില്ലാ ഓഫീസിനു വേണ്ടി സ്ഥലം വാങ്ങിയതു സംബന്ധിച്ച് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തി വരുന്നു. |
| (സി) | കാർഷിക വികസനബാങ്കിന്റെ എല്ലാ ഓഫീസുകളിലും കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കുന്നതിന്റെ ഭാഗമായി സോഫ്റ്റ്‌വെയർ വാങ്ങിച്ചത് എത്ര തുകയ്ക്കാണ്; | (സി) | എ.എക്സ്.എൽ ടെക്നോ സിസ്റ്റംസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയെ തിരഞ്ഞെടുക്കുകയും 2,94,69,916/- രൂപയ്ക്ക് കരാർ നൽകിയിരുന്നു (ഉത്തരവിന്റെ പകർപ്പ് **അനുബന്ധം-1** ആയി ചേർത്തിരിക്കുന്നു) |

| | | | |
|---|---|---|---|
| | ഏത് സർക്കാർ അംഗീകൃത ഏജൻസിയിൽ നിന്നാണ് സോഫ്റ്റ്വെയർ വാങ്ങിച്ചത്; ഭരണസമിതി അനുവാദം നൽകിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | | |
| (ഡി) | 2013-18 കാലഘട്ടത്തിൽ ബാങ്കിൽ എത്രപേരെ താത്കാലിക ജീവനക്കാരായി നിയമിച്ചുവെന്നും അവരുടെ യോഗ്യതകൾ എന്തൊക്കെ ആയിരുന്നുവെന്നും വിശദമാക്കാമോ ; | (ഡി) | 2013-18 കാലഘട്ടത്തിൽ 195 പേരെ താത്കാലിക ജീവനക്കാരായി നിയമിച്ചിരുന്നു. ആയതിന്റെ വിവരങ്ങൾ **അനുബന്ധം-2** ആയി ചേർത്തിരിക്കുന്നു. |
| (ഇ) | സംസ്ഥാന കാർഷിക വികസന ബാങ്കിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ട്; പ്രസ്തുത ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; ടി ഒഴിവുകളിൽ പി.എസ്.സി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ? | (ഇ) | ബാങ്കിന്റെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിച്ച് ഉത്തരവാകാത്തതിനാൽ ബാങ്കിലെ എല്ലാ തസ്തികകളിലേയും ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിഞ്ഞിട്ടില്ല. എന്നാൽ വളരെ അത്യാവശ്യമായ തസ്തികകളായ അഗ്രികൾച്ചറൽ ഓഫീസർമാരുടെ 14 ഉം അസിസ്റ്റന്റ്മാരുടെ 28 ഉം ഒഴിവുകൾ സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഇപ്പോഴത്തെ പാർട്ട്ടൈം അഡ്മിനിസ്ട്രേറ്റർ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

അനെക്സർ - 1

645

<u>**Decision taken on 11/05/2016 (BD)**</u>

<u>**Agenda No. A5**</u>

**A5 Sub:-** Finalisation of Vendor for CBS development and Implementation after reverse e-auction – reg.

The Board considered the matter and resolved to approve the selection of M/s. AXL Techno Systems Private Limited as the L1 Bidder and accord sanction to convey the status of the bid to all participate bidders.

Further resolved to accord sanction to refund the EMD deposit with State Bank account interest from 29.02.2016 to 16.06.2016.

Further resolved to authorize General Manager i/c to initiate further steps for the implementation of the product Development.

The Board member Sri. K. M. Joseph expressed his descending and that is also recorded.

Sd/-
General Manager

Sd/-
President

/True copy/

General Manager i/c

# അനുബന്ധം-2

| | | തസ്തിക | നിയമനങ്ങളുടെ എണ്ണം | യോഗ്യത |
|---|---|---|---|---|
| കരാർ വ്യവസ്ഥ | 1 | അഗ്രിക്കൾച്ചറൽ ഓഫീസർ | 70 | അംഗീകൃത സർവ്വകലാശാലയിൽ നിന്നും ബി.എസ്.സി. അഗ്രിക്കൾച്ചർ/ഹോർട്ടിക്കൾച്ചർ |
| | 2 | സിസ്റ്റം അഡ്മിനിസ്ട്രേറ്റർ | 16 | ബിരുദത്തോടൊപ്പം പി.ജി.ഡി.സി.എ/ഡി.എ.സി, വി.ബി/ ഒറാക്കിൾ എന്നിവയിലുള്ള പ്രാവീണ്യം. |
| | 3. | കമ്പ്യൂട്ടർ പ്രോഗ്രാമർ | 03 | പി.ജി.ഡി.സി.എ, പ്രോഗ്രാമിംഗ് ലാംഗ്വേജ്/വി.ബി, ഒറാക്കിൾ 8i എന്നിവയിൽ പ്രത്യേക യോഗ്യതകൾ |
| | 4. | ഗസ്റ്റ് റൂം കീപ്പർ | 12 | 7ാം ക്ലാസ് ജയത്തോടൊപ്പം സൈക്കിൾ സവാരി പരിചയം |
| | 5. | പ്യൂൺ | 1 | 7ാം ക്ലാസ് ജയത്തോടൊപ്പം സൈക്കിൾ സവാരി പരിചയം |
| | | **ആകെ** | **102** | |
| ദിവസവേതനം | 1. | സിസ്റ്റം അഡ്മിനിസ്ട്രേറ്റർ | 3 | ബിരുദത്തോടൊപ്പം പി.ജി.ഡി.സി.എ/ഡി.എ.സി, വി.ബി/ ഒറാക്കിൾ എന്നിവയിലുള്ള പ്രാവീണ്യം. |
| | 2. | അസിസ്റ്റന്റ് | 68 | അംഗീകൃത സർവ്വകലാശാലയിൽ നിന്നും ബിരുദം അതോടൊപ്പം എച്ച്.ഡി.സി/ജെ.ഡി.സി അല്ലെങ്കിൽ ബി.കോം കോ-ഓപ്പറേഷൻ. |
| | 3. | പ്യൂൺ | 4 | 7ാം ക്ലാസ് ജയത്തോടൊപ്പം സൈക്കിൾ സവാരി പരിചയം |
| | 4. | ഗസ്റ്റ് റൂം കീപ്പർ | 6 | 7ാം ക്ലാസ് ജയത്തോടൊപ്പം സൈക്കിൾ സവാരി പരിചയം |
| | 5. | സ്വീപ്പർ/ക്ലീനർ | 12 | |
| | | **ആകെ** | **93** | |